# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **85** | 08.01.2014-ൽ മറുപടിക്ക്

## സൗജന്യ രോഗനിർണ്ണയ - ചികിത്സാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>,, കെ. അച്ചുതൻ :<br>,, വി. റ്റി. ബൽറാം :<br>,, ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജനങ്ങളെ ജീവിതശൈലീ രോഗനിർണ്ണയത്തിനും സൗജന്യ ചികിത്സയ്ക്കും വിധേയരാക്കുന്ന എന്തെങ്കിലും പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ജനങ്ങളെ ജീവിതശൈലീ രോഗ നിർണ്ണയത്തിനും സൗജന്യ ചികിത്സക്കും വിധേയരാക്കുന്നതിന് 2009-10 കാലയളവിൽ തിരുവനന്തപുരത്തും വയനാട്ടിലും ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കിയിരുന്നു. 2010-ൽ കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & കൺട്രോൾ ഓഫ് കാൻസർ, ഡയബറ്റിസ്, കാർഡിയോ വാസ്കുലർ ഡിസീസസ് ആന്റ് സ്ട്രോക്ക്) പത്തനംതിട്ടയിൽ ആരംഭിച്ചു. 2011-ൽ ഈ കേന്ദ്ര പദ്ധതി തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു. 2011-ൽ സംസ്ഥാന ആരോഗ്യവകുപ്പ് 14 ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുകയുണ്ടായെങ്കിലും 2012 ഏപ്രിൽ മുതലാണ് ചിട്ടയായി നടപ്പാക്കപ്പെട്ടത്. പൂർണ്ണരൂപത്തിലായ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 'അമൃതം ആരോഗ്യം' എന്ന പേരിൽ 2012 ഡിസംബറിൽ നടത്തുകയും ചെയ്തു. 2013-14 മുതൽ ഈ പദ്ധതി എൻ.ആർ.എച്ച്.എം.-ന്റെ പി.ഐ.പി -യിൽ ഉൾപ്പെടുത്തി. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഈ പദ്ധതിയ്ക്ക് 3 ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉള്ളത്.<br>1. മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും, ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം.<br>2. രോഗസാധ്യത മുൻകൂട്ടി കണ്ടുപിടിക്കാൻ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗനിർണ്ണയത്തിന് വിധേയരാക്കൽ. |

3. രോഗം കണ്ടെത്തിയവരെ ചികിത്സിക്കുന്നതിനും, സൗജന്യമായി മരുന്ന് വിതരണം ചെയ്യുന്നതിനും, തുടർചികിത്സാ രീതികൾ നിർദ്ദേശിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.

ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ആഴ്ചയിൽ ഒരു ദിവസവും, എൻ.പി.സി.ഡി.സി.എസ്. ജില്ലകളിൽ എല്ലാ സി.എച്ച്.സി. -കളിലും ആഴ്ചയിൽ ആറു ദിവസവും ജീവിതശൈലീരോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇതിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള ജനങ്ങളെ പങ്കെടുപ്പിച്ച് അവരുടെ രക്ത സമ്മർദ്ദം, ബ്ലഡ്ഷുഗർ, ബി.എം.ഐ എന്നിവ നിർണ്ണയിക്കുന്നതിനും ഹൃദ്രോഗം, കാൻസർ എന്നിവയുള്ളവരെ കണ്ടെത്തുന്നതിനും അവർക്കാവശ്യമുള്ള മരുന്നുകൾ, ജീവിതശൈലീ രോഗങ്ങളെ കുറിച്ചുള്ള ബോധവത്കരണം എന്നിവ ഡോക്ടറുടെ നിർദ്ദേശാനുസരണം നൽകുന്നു.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും ഈ രംഗത്തെ വിദഗ്ധരുടെ സഹായത്തോടെ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കി സംസ്ഥാന തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പ്രൈമറി ഹെൽത്ത് സെന്റർ തലം വരെ ജീവിതശൈലീ രോഗങ്ങൾക്കുള്ള പ്രോട്ടോക്കോൾ പ്രകാരമുള്ള 12 ഇനം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടു കൂടിയാണ് ആസൂത്രണ നിർവ്വഹണം നടത്തുന്നത് ; വിശദമാക്കുമോ ;

(സി) ആരോഗ്യ വകുപ്പ്, നാഷണൽ റൂറൽ ഹെൽത്ത് മിഷനുമായി ചേർന്നാണ് ആസൂത്രണ നിർവ്വഹണം നടത്തുന്നത്.

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിയ്ക്ക് ലഭിക്കുന്നതെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് നിലവിലുള്ള 5 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ (സിവിൽ വർക്ക്, മരുന്ന്, ട്രെയിനിംഗ്, ഐ.ഇ.സി) നാളിതുവരെ 10 കോടി 11 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

ജീവിതശൈലി രോഗങ്ങൾക്ക് എതിരായ കർമ്മപദ്ധതി 2011-ൽ സംസ്ഥാനത്ത് ഒട്ടാകെ നടത്തുന്നതിന് തുടക്കം കുറിക്കുകയും, 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. സംസ്ഥാന വിഹിതമായി 20 കോടി രൂപ ഈ പദ്ധതിക്കായി ചെലവാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ 4.5 കോടി രൂപ വിനിയോഗിക്കുകയും, 2013-14 സാമ്പത്തിക വർഷത്തിൽ 8 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ